"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 നിയന്ത്രണ പ്രവർത്തനങ്ങൾ - ക്വാറന്റൈൻ പാലിക്കുന്നത് ഉറപ്പ് വരുത്തുന്നതിനും വാർഡ് തല മൈക്രോ കണ്ടൈന്റ്മെന്റ് സോണുകൾ പ്രഖ്യാപിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ (സാധാ) 593/2021/ദു.നി.വ തീയതി,തിരുവനന്തപുരം, 04.09.2021

---

പരാമർശം:-

1. സ.ഉ.(സാധ) നമ്പർ 564/2021/ഡി.എം.ഡി തീയ്യതി 04.08.2021
2. സ.ഉ.(സാധ) നമ്പർ 571/2021/ഡി.എം.ഡി തീയ്യതി 07.08.2021
3. സ.ഉ.(സാധ) നമ്പർ 575/2021/ഡി.എം.ഡി തീയ്യതി 10.08.2021
4. സ.ഉ.(സാധ) നമ്പർ 584/2021/ഡി.എം.ഡി തീയ്യതി 27.08.2021
5. സ.ഉ.(സാധ) നമ്പർ 585/2021/ഡി.എം.ഡി തീയ്യതി 28.08.2021
6. സ.ഉ.(സാധ) നമ്പർ 591/2021/ഡി.എം.ഡി തീയ്യതി 03.09.2021

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ നിലവിലെ കോവിഡ് -19 സാഹചര്യം വിശകലനം ചെയ്ത ശേഷം, ദുരന്തനിവാരണ നിയമത്തിലെ സെക്ഷൻ.20 (3) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വാർഡുകളിലെ പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ഡബ്ല്യുഐപിആർ) 7 ന് മുകളിലുള്ള പഞ്ചായത്ത്/നഗര പ്രദേശങ്ങളിൽ വാർഡ് തലത്തിൽ പ്രത്യേകമായ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ എല്ലാ ജില്ലാ കളക്ടർമാരും 03.09.2021 ലെ സ.ഉ(സാധ) 591/2021/ഡി.എം.ഡി (സൂചന 6) ഉത്തരവ് പ്രകാരമുള്ള വ്യക്തികളുടെ ക്വാറന്റൈൻ കർശനമായി നടത്തുന്നുവെന്ന് ഉറപ്പാക്കണം. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി അയൽപക്ക ഗ്രൂപ്പുകൾ/വാർഡ് തല കമ്മിറ്റികൾ / റാപിഡ് റെസ്പോൺസ് ടീം എന്നിവ മുഖേന ക്വാറന്റൈനിലുള്ള വ്യക്തികളുടെ നിരീക്ഷണം ഉറപ്പാക്കേണ്ടതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും താഴെപ്പറയുന്ന വിശദാംശങ്ങൾ ശേഖരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കുന്ന ഫോർമാറ്റിൽ എല്ലാ ദിവസവും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1. ഗാർഹിക സമ്പർക്ക വിലക്കിലുള്ള ആകെ കോവിഡ് രോഗികൾ.
2. സമ്പർക്കാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഗാർഹിക സമ്പർക്ക വിലക്കിലുള്ള ആകെ വ്യക്തികൾ.
3. വാർഡ് തല കണ്ടെയ്ൻമെന്റ് ,മൈക്രോ കണ്ടെയ്ൻമെന്റ് സോണുകൾ.
4. ഗാർഹിക സമ്പർക്ക വിലക്കിന്റെ മാനദണ്ഡങ്ങൾ ലംഘിച്ചതിന് ചുമത്തിയ പിഴകളുടെ എണ്ണം.
5. നിർബന്ധിത സമ്പർക്ക വിലക്കിൽ കഴിയുന്ന വ്യക്തികളുടെ എണ്ണം
6. സമ്പർക്ക വിലക്കുള്ളതിനാൽ മരുന്നുകളും അവശ്യവസ്തുക്കളും എത്തിക്കുന്നതിനായി ക്രമീകരണങ്ങൾ

ഏർപ്പെടുത്തിയ വീടുകളുടെ എണ്ണം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി.പി. ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര, വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർ, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
പകർപ്പ്:-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ